**പതിമൂന്നാം കേരളനിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2649**

**19.02.2016 ലെ മറുപടിയ്ക്ക്**

## വിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ തസ്തിക നിർണ്ണയം നടത്തുന്നത് സംബന്ധിച്ച് സർക്കാർ ഒടുവിൽ പുറപ്പെടുവിച്ച ഉത്തരവ് (ജി.ഒ. 29/16) പ്രകാരം തസ്തിക നിർണ്ണയത്തിന് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗരേഖ വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും | 29.1.2016 ലെ സ.ഉ. (പി) 29/2016/പൊവിവ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. 1 – 5 വരെ ക്ലാസ്സുകളിൽ 1:30 ഉം, 6 – 8 വരെ ക്ലാസ്സുകളിൽ1:35 ഉം, 9, 10 ക്ലാസ്സുകളിൽ 1:45 ഉം അനുപാതം ക്ലാസ്സ് തലത്തിൽ അനുവദിച്ചിട്ടുണ്ട്. ഇത് സർക്കാർ സ്കൂളിനും ബാധകമാണ്. |
| (ബി) പ്രസ്തുത ഉത്തരവനുസരിച്ച് പുതുക്കിയ അധ്യാപക-വിദ്യാർത്ഥി അനുപാതം സർക്കാർ സ്കൂളിൽ ബാധകമാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നയം വിശദമാക്കാമോ; | | |
| (സി) പുതിയ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന അനുപാതം നിലവിലുള്ള ഘടനയിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) ഉത്തരവ് നിലവിലെ സാഹചര്യത്തിൽ നടപ്പിലാക്കുന്നതിന് കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ടി ഉത്തരവ് നടപ്പിലാക്കുവാൻ സ്പഷ്ടീകരണം ആവശ്യമുള്ളതായി ഡി.പി.ഐ അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ